ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ടായി.

(സി) അന്വേഷണം തുടരുകയാണ്. സാക്ഷികളെ ചോദ്യം ചെയ്തു കൊണ്ടിരിക്കുകയാണ്.

(ഡി) ഇല്ല.

(ഇ) ഈ കേസ്സിന്റെ അന്വേഷണം കാര്യക്ഷമമായി നടന്നുകൊണ്ടിരിക്കുകയാണ്.

റജി സ്ക്കറിയയുടെ കൊലപാതകം

774. ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിലെ മാതിര വയലിൽവച്ച് റജി സ്ക്കറിയയെ കൊലപ്പെടുത്തിയ കേസിൽ എത്ര പ്രതികളുണ്ട് ; അവർ ഏതു രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണ്;

(ബി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(സി) കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ഡി) പ്രസ്തുത കേസ് ഇന്ന് ഏതു നിലയിലായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ കേസിൽ 17 പ്രതികൾ ഉണ്ട്. പ്രതികൾ ആർ. എസ്. എസ്/ബി. എം. എസ്. സംഘടനയിൽപ്പെട്ടവരാണ്.

(ബി) ഇൻഡ്യൻ ശിക്ഷാ നിയമം 302, 307, 143, 147, 148, 149 27 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) പൂർത്തിയായിട്ടില്ല.

(ഡി) കുറ്റപത്രം തയ്യാറാക്കി വരികയാണ്.

പത്തനംതിട്ട ജില്ലയിൽ നടന്നിട്ടുള്ള കൊലപാതകങ്ങൾ

775. ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ജനുവരി ഒന്നു മുതൽ 1986 മാർച്ച് ഒന്നുവരെയുള്ള കാലഘട്ടങ്ങളിൽ പത്തനംതിട്ട ജില്ലയിൽ നടന്നിട്ടുള്ള കൊലപാതകങ്ങൾ എത്ര ;

(ബി) അവയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര ;

(സി) ചാർജ് ചെയ്ത കേസുകളിൽ വിധി പ്രസ്താവിച്ചവ എത്ര എണ്ണം ?

LIBRARY ARCHIVES Kerala Legislative Assembly